**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (എ) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങളുടെ വിശദാംശങ്ങൾ '**അനുബന്ധമായി**' ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയിട്ടുള്ളതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

## I. കോളേജ് വിദ്യാഭ്യാസ വകുപ്പ്

ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രവികസനത്തിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിൽ വരുന്ന വിവിധ കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ നവീകരണത്തിനായി 61 കോടി രൂപയോളം അനുവദിച്ചു നൽകിയിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം നാക്ക് അക്രിഡിറ്റേഷന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയും വിവിധ ശാസ്ത്ര വിഷയങ്ങളുടെ ലാബ്, ലൈബ്രറി എന്നിവയുടെ വികസനത്തിനായി 9.5 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

വിദ്യാർഥികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും മാനസിക ആരോഗ്യം വളർത്തുന്നതിനുമായി ആരംഭിച്ചിട്ടുള്ള "ജീവനി" പദ്ധതിയുടെ ഭാഗമായി 73 സർക്കാർ കോളേജുകളിൽ സൈക്കോളജിസ്റ്റുമാരെ നിയമിച്ച് കൗൺസിലിങ് നടത്തി വരുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന "വിശപ്പ് രഹിത ക്യാമ്പസ്" പദ്ധതിക്കായി ഒരു കോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്.

പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് സമ്പാദ്യ ശീലം വളർത്തുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന "Earn While You Learn" പദ്ധതിയുടെ ഭാഗമായി 15 ലക്ഷത്തോളം രൂപ വിദ്യാർത്ഥികൾക്ക് വേതനം ഇനത്തിൽ അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ASAP മായി ചേർന്ന് വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയായ PLEASE (Performance Linked Encouragement for Academic Studies and Excellence) പ്രകാരം വിവിധ യൂണിവേഴ്സിറ്റികൾക്കും ചില കോളേജുകൾക്കും ലാബ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ലിംഗ സമത്വം ഉറപ്പാക്കുന്നതിനായി Gender Senzitization പദ്ധതിയും ഇന്റർനെറ്റിന്റെയും വിവിധ സമൂഹ മാധ്യമങ്ങളുടെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണത്തിനായി Media Literacy പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

## II. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

### 1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്ക് കോളേജുകൾ എന്നിവയിൽ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, (iv) ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കുക, (v) ഫിറ്റ്നസ് സെന്റർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക, (vii) ഐ.സി.റ്റി പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. നിലവിൽ 8 എഞ്ചിനീയറിംഗ് കോളേജുകൾക്കും 2 പോളിടെക്നിക്ക് കോളേജുകൾക്കും അക്രഡിറ്റേഷൻ നേടാൻ കഴിഞ്ഞിട്ടുണ്ട്.

### 2. ഗവേഷണ/പരിശീലന പദ്ധതികൾ

വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ഭാഗമായി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ വിവിധ ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. സാമൂഹ്യ പ്രസക്തിയുള്ള മേഖലകളിൽ വിവിധ വകുപ്പ്/ഏജൻസി സഹായത്തോടെ ഗവേഷണം നടത്തുന്നതിനായി അദ്ധ്യാപകർക്ക് CORaL (Collaborative Research and Learning) പദ്ധതി പുതുതായി വിഭാവനം ചെയ്ത് നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്.

### 3. സംരംഭകത്വ വികസന പദ്ധതികൾ

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിലും ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50 -ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി IOC (ഇൻറസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.

### 4. വിവര സാങ്കേതിക രംഗം

കോവിഡാനന്തര കാലയളവിൽ പഠന പ്രക്രിയ ഓൺലൈൻ ആയി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലേർണിംഗ് റിസോഴ്സസ്, യൂട്യൂബ് ലിങ്കുകൾ, പാഠ്യ ഭാഗങ്ങളുടെ സോഫ്റ്റ് കോപ്പി, എന്നിവ വിദ്യാർഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഓപ്പൺ റിസോഴ്സ് ലേർണിംഗ് മാനേജ്മെൻറ് സിസ്റ്റം "MOODLE" നടപ്പിലാക്കി വരുന്നു.

### 5. മറ്റു പ്രവർത്തനങ്ങൾ

വിദ്യാർത്ഥികൾക്കായി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകളും കൗൺസലിംഗ് സെന്ററും രൂപീകരിച്ചിട്ടുണ്ട്. സ്ത്രീ ശാക്തികരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപികരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## III. <u>കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ</u>

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ

നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുമുണ്ടായി.

ഇതു കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തിനായി കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്), ഇ-ജേർണൽ കൺസോർഷ്യം, ഡിജികോൾ, ഓൺലൈൻ ഡിജിറ്റൽ ശേഖരം, കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF), അദ്ധ്യാപക പരിശീലന പദ്ധതികൾ, സ്റ്റേറ്റ് അസസ്മെൻറ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC), ബ്രെയിൻ ഗെയിൻ, എറുഡൈറ്റ് സോളാർ ഇൻ റെസിഡൻസ് പ്രോഗ്രാം, ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, K-REAP തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

## IV **അസാപ് കേരള**

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടപ്പെട്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള അസാപ് കേരളയുടെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയുമാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലോഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ വിവിധ മേഖലയിലെ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു. കൂടാതെ, അസാപ് കേരള വഴി ഇൻഡസ്ട്രി ഓൺ കാമ്പസ്, സ്കിൽ ട്രെയിനർ എംപാനൽമെന്റ് പ്രോഗ്രാം (STEP), സെന്റർ ഓഫ് എക്സലൻസ്, ഗ്രാമീണ യുവതികൾക്ക് സബ് സിഡിയോടെ നൈപുണ്യപരിശീലനം, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ, പ്ലേസ് മെന്റ് - ഇന്റേൺഷിപ്പ് പ്രവൃത്തികൾ, അസാപ് സെൽ, ഹയർ ആന്റ് ട്രയിൻ, കണക്ട് കരിയർ ടു കാമ്പസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ